DESPATCHED
On..20/2/2020



18/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 622(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7924/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കെ.എ. ജോൺസൺ,<br>കള്ളിപറമ്പിൽ വീട്,<br>നൂറ് കുളം റോഡ്, പള്ളിക്കുന്ന്,<br>വരന്തരപ്പിള്ളി പി.ഒ.,<br>തൃശ്ശൂർ. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്,<br>വരന്തരപ്പിള്ളി പി.ഒ.,<br>തൃശ്ശൂർ. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 10.3.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.4.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 6.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 13.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.6.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.എ. ജോൺസൺ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 7, 8, 10, 11, 12, 13, 15 എന്നീ ഇനങ്ങൾ സംബന്ധിച്ച് അപൂർണ്ണമായ വിവരങ്ങളാണ് എതിർകക്ഷി നൽകിയത് എന്നും അനാവശ്യമായി രേഖകൾക്ക് ഫീസ് ആവശ്യപ്പെടുകയാണ് ചെയ്യുന്നത് എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ദാരിദ്ര്യ ലഘൂകരണം, തൊഴിൽ സുരക്ഷിതത്വം എന്നിവയ്ക്ക് ലേബർ ബാങ്കുകൾ പഞ്ചായത്തിൽ രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്നും

(ii) എത്ര വാർഡുകളിൽ ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും വിലാസം ലഭ്യമാക്കണമെന്നും

(iii) പഞ്ചായത്തുതല കുടുംബശ്രീ, കർഷക കൂട്ടായ്മ എന്നിവ വഴി എത്ര ഏക്കർ ഭൂമിയിൽ പച്ചക്കറി, നെൽ കൃഷി എന്നിവ കൃഷി ചെയ്യുന്നുണ്ടെന്നും, എവിടെയെല്ലാം, ഏത് വാർഡുകളിൽ എന്നും

(iv) ഗ്രാമ പഞ്ചായത്തു വാർഡുകളിൽ സോഷ്യൽ ആഡിറ്റിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ മിനിറ്റ്സ് നൽകണമെന്നും മറ്റുമായി 19 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 1, 7, 8, 10, 11, 12, 13, 15 എന്നീ ഇനങ്ങൾക്ക് നൽകിയിട്ടുള്ള മറുപടി സംബന്ധിച്ചാണെന്നു കാണുന്നു. മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിരുന്നുവെങ്കിൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകുകയാണ് വേണ്ടിയിരുന്നത്. അപ്രകാരം തന്നെ ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ ആക്ഷേപങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുള്ളതായും ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk